**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2019

## എം.ബി.ബി.എസ്. മോപ്–അപ് കൗൺസലിംഗ്–2019 ഒഴിവുള്ള എൻ.ആർ.ഐ. വിഭാഗം സീറ്റുകളിലേയ്ക്കുള്ള പ്രവേശനം

സംസ്ഥാനത്തെ സർക്കാർ/ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്./ ബി.ഡിഎസ്. സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് ആഗസ്ത് 6, 7 തീയതികളിൽ മോപ്–അപ് കൗൺസലിംഗ് തിരുവനന്തപുരത്ത് വച്ച് നടത്തുന്നതായിരിക്കും. ബഹു. സുപ്രീം കോടതി 12.07.2019–ന് പുറപ്പെടുവിച്ച (ഐ.എ.നം. 95861/2019) ഉത്തരവ് പ്രകാരവും ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ് 25.07.2019–ന് നൽകിയ എസ്.3/119/2019 കത്ത് പ്രകാരവും എൻ.ആർ.ഐ. ക്വാട്ട സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്നും പ്രവേശനത്തിന് വിദ്യാർത്ഥികൾ ഇല്ലാതെ വന്നാൽ ജനനസ്ഥലം പരിഗണിക്കാതെ പ്രവേശനം നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ എൻ.ആർ.ഐ.ക്വാട്ടയിലേക്ക് പ്രവേശനം നേടാൻ ആവശ്യമായ അസ്സൽ രേഖകൾ സഹിതം [ജി.ഒ.(എം.എസ്.)നം. 243/2014/ആ.കു.വ. തീയതി 06.08.2014 ]മോപ്–അപ് കൗൺസലിംഗിന് ഹാജരാകേണ്ടതാണ്. അസ്സൽ സർട്ടിഫിക്കുകൾ മോപ്–അപ് കൗൺസലിംഗിൽ ഹാജരാകാത്തവർക്ക് പ്രവേശനം ലഭിക്കുന്നതല്ല. വിശദമായ വിജ്ഞാപനം 31.05.2019 ന് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് കാണുക.

**ഹെൽപ്പ്ലൈൻ നമ്പരുകൾ– 0471–2339101, 2339102, 2339103, 2339104& 2332123(10 am –5 pm).**

തിരുവനന്തപുരം
30 .07.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**